**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 382** **08-08-2023 - ൽ മറുപടിയ്ക്ക്**

**തെരുവുനായകളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തെരുവ് നായ നിയന്ത്രണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമല്ലാത്തതിനാൽ സംസ്ഥാനത്ത് തെരുവുനായകളുടെ ആക്രമണം വർദ്ധിച്ചുവരുന്നതും ആക്രമണകാരികളായ തെരുവ് നായ്ക്കളിൽ പലതും പേവിഷ ബാധയുള്ളതാണെന്നതും ഉള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിലുള്ള കേന്ദ്ര നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്തെ തെരുവുനായ ശല്യം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവയുടെ വംശവർദ്ധനവ് തടയുന്നതിനും, ആക്രമണം തടയുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | തെരുവുനായ്ക്കളുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പദ്ധതി. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കി 23.08.2022 ൽ സ.ഉ (സാധാ) 2065/2022/തസ്വഭവ നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും 15.09.2022 ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ, 29.09.2022 ലെ സ.ഉ (സാധാ) 2376/2022/തസ്വഭവ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും തെരുവുനായ്ക്കളുടെ തീവ്ര വാക്സിനേഷൻ യജ്ഞം നടത്തുകയും ശുചിത്വ യജ്ഞം, ഐ.ഇ.സി ക്യാംപയിൻ സംഘടിപ്പിക്കുകയും കൂടാതെ സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രത്യേക ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ എ.ബി.സി കേന്ദ്രങ്ങൾ സജ്ജീകരിച്ച് പ്രാവർത്തികമാക്കുന്നതിനും വാക്സിനേഷൻ യജ്ഞം |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുമായി പദ്ധതി രൂപീകരണം/ പുതുക്കലിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഉത്തരവാകുകയും ഓരോ കമ്മിറ്റികളുടെയും ഉത്തരവാദിത്തങ്ങൾ വിശദമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കഴിഞ്ഞ 2 വർഷത്തിനുള്ളിൽ തെരുവ് നായ ആക്രമണത്തിൽ മരണപ്പെട്ടവർ, പരിക്കേറ്റവർ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) | ജനുവരി 2021 മുതൽ ജൂലൈ 2023 വരെ സംസ്ഥാനത്ത് പേവിഷബാധയേറ്റ് മരണമടഞ്ഞവരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം I ആയി ചേർക്കുന്നു.<br><br>മെയ് 2021 മുതൽ ജൂൺ 2023 വരെ നായ കടിയേറ്റ് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | തെരുവുനായ്ക്കളുടെ ആക്രമണം തടയുന്നതിനായുള്ള എ.ബി.സി. പ്രോഗ്രാം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ട് വർഷമായി എ.ബി.സി പ്രോഗ്രാം കൃത്യമായി നടപ്പിലാക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | കേരളത്തിലെ വിവിധ ജില്ലകളിലായി 22 എ.ബി.സി സെന്ററുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. 45 എണ്ണം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ കാണുന്നു.<br><br>തിരുവനന്തപുരം – 2<br>കൊല്ലം – 6<br>കോട്ടയം – 1<br>എറണാകുളം – 3<br>തൃശ്ശൂർ – 1<br>പാലക്കാട് – 4<br>കോഴിക്കോട് – 2<br>വയനാട് – 1<br>കണ്ണൂർ – 1<br>കാസർഗോഡ് – 1<br>ആകെ – 22 |
| (ഇ) | എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഇ) | എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | തെരുവുനായ്ക്കൾക്കായി അഡോപ്ഷൻ ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്നും അഡോപ്ഷൻ ക്യാമ്പുകൾ | (എഫ്) | വിവരം ശേഖരിച്ച് വരുന്നു. സംസ്ഥാനത്ത് ആകെ 3 ഷെൽട്ടർ ഹോമുകളാണ് നിലവിലുള്ളത്. ആയവ സംബന്ധിച്ച വിവരങ്ങൾ താഴെ കാണുന്നു. |

| | | | |
|---|---|---|---|
| | എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | | 1. മഞ്ചേരി നഗരസഭ (മലപ്പുറം)<br><br>2.പാല നഗരസഭ (കോട്ടയം)<br><br>3. മലയിൻകീഴ് പഞ്ചായത്ത്<br><br>(തിരുവനന്തപുരം)<br><br>കൂടാതെ Street Dog Watch Association എന്ന അംഗീകൃത Animal Welfare Organization ന്റെ ഷെൽട്ടർ ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - I**

| District | 2021 confirmed rabies death | 2022 confirmed rabies death | 2022 probable rabies death | 2023 confirmed rabies death | 2023 probable rabies death |
|---|---|---|---|---|---|
| Thiruvananthapuram | 1 | 5 | 3 | 2 | 1 |
| Kollam | 2 | 1 | 0 | 4 | 0 |
| Pathanamthitta | 1 | 1 | 0 | 0 | 0 |
| Idukki | 0 | 0 | 1 | 0 | 0 |
| Kottayam | 0 | 0 | 1 | 0 | 1 |
| Alappuzha | 1 | 0 | 2 | 1 | 3 |
| Ernakulam | 0 | 0 | 0 | 2 | 0 |
| Thrissur | 0 | 3 | 2 | 1 | 1 |
| Palakkad | 0 | 3 | 1 | 0 | 0 |
| Malappuram | 1 | 0 | 1 | 0 | 0 |
| Kozhikkode | 3 | 1 | 1 | 0 | 0 |
| Wayanad | 0 | 0 | 0 | 0 | 0 |
| Kannur | 1 | 1 | 0 | 1 | 0 |
| Kasargod | 1 | 0 | 0 | 0 | 0 |
| Total | 11 | 15 | 12 | 11 | 6 |

**അനുബന്ധം II**

| District | May 2021 to Dec 2021 | Jan 2022 to Dec 2022 | Jan 2023 to Jun 2023 | Total |
|---|---|---|---|---|
| Thiruvananthapuram | 20148 | 42505 | 23673 | 86326 |
| Kollam | 15443 | 31654 | 17708 | 64805 |
| Pathanamthitta | 8239 | 17966 | 7362 | 33567 |
| Alappuzha | 10740 | 21890 | 11941 | 44571 |
| Kottayam | 10770 | 24961 | 17129 | 52860 |
| Idukki | 2626 | 6370 | 4464 | 13460 |
| Ernakulam | 15266 | 25059 | 15587 | 55912 |
| Thrissur | 9168 | 27114 | 16864 | 53146 |
| Palakkad | 15560 | 31701 | 14968 | 62229 |
| Malappuram | 5617 | 11513 | 6842 | 23972 |
| Kozhikkode | 7867 | 15909 | 10501 | 34277 |
| Wayanad | 4210 | 8649 | 3037 | 15896 |
| Kannur | 11263 | 18584 | 8780 | 38627 |
| Kasargod | 5903 | 10157 | 4612 | 20672 |
| **Total** | **142820** | **294032** | **163468** | **600320** |